LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമങ്ങളിൽ കളം നിർമ്മിക്കൽ

209 (874) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ കളങ്ങൾ നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനുമായി എത്ര നിർദ്ദേശങ്ങളാണ് ലഭിച്ചിട്ടുള്ളത് ;

(ബി) ഇവയിൽ നിർമ്മാണയോഗ്യമെന്ന് പരിഗണിക്കപ്പെട്ട ഏതെല്ലാം പ്രവൃത്തികളാണ് സർക്കാരിലേക്ക് ശിപാർശ ചെയ്യപ്പെട്ടിട്ടുള്ളത് ;

(സി) ഓരോ പദ്ധതിക്കും എത്ര ഉക വീതം ചെലവ് വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് ;

(ഡി) ഈ ഇനത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതമായി ജില്ലയിൽ എത്ര ഉക ചെലവഴിച്ചു എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 55 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി&സി) കോഴിക്കോട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ 31 കളങ്ങൾ നവീകരിക്കുന്നതിനായുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) മേൽപ്പറഞ്ഞ കളങ്ങൾ ഒരു പഞ്ചായത്തിൽ ഒരു കളം പദ്ധതിയിൽ ശിപാർശ ചെയ്തതിനാൽ കേന്ദ്രവിഹിതം ഇല്ല.

കട്ടനാട്ടിലെ രാമങ്കരി പഞ്ചായത്തിൽ കല്വങ്ക് നിർമ്മാണം

210 (875) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കട്ടനാട്ടിലെ രാമങ്കരി പഞ്ചായത്തിൽ സെന്റ് മേരീസ് എൽ. പി. സ്കൂളിനു സമീപം മണലാടി തോടിനു കുറുകെ കല്വങ്ക് നിർമ്മാണത്തിന് ഇറിഗേഷൻ വകുപ്പ് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നോട്ടീസ്, ടെൻഡർ എഗ്രിമെന്റ് എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തിക്ക് നബാർഡിന്റെ RIDF Tranche XX-ൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപ അനുവദിച്ചത് ഇറിഗേഷൻ വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത പാലം നിർമ്മാണത്തിന് മാത്രം ഇറിഗേഷൻ വകുപ്പ് എത്ര തുകയാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് ബഹു. കോടതിയുടെ സ്റ്റേ ഉണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായത് ആരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ആണെന്ന് വ്യക്തമാക്കുമോ ;

(ജി) നബാർഡിന്റെ 25 ലക്ഷം രൂപ അനുവദിച്ച കലുങ്കിന്റെ സ്ഥാനത്ത് ഇറിഗേഷൻ വകുപ്പ് ചെറിയ കലുങ്ക് നിർമ്മിക്കുന്നത് ഭാവിയിൽ ഗതാഗത വികസനത്തിന് തടസ്സമാകും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇറിഗേഷൻ വകുപ്പിന്റെ പ്രവൃത്തി നിർത്തിവയ്ക്കണം എന്നാവശ്യപ്പെട്ട് 23-4-2015-ൽ ചീഫ് എഞ്ചിനീയർക്ക് നൽകിയ കത്തിന്മേൽ എന്ന് നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

(ബി) പ്രസക്ത ഭാഗങ്ങളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) 25 ലക്ഷം രൂപ.

(ഇ) ടി വർക്കുമായി ബന്ധപ്പെട്ട് കോടതി കേസുകളോ സ്റ്റേ ഉത്തരവോ നിലവിലുള്ളതായി വിവരം ലഭിച്ചിട്ടില്ല.

(എഫ്) പൊതുജനങ്ങളിൽനിന്നു ലഭിച്ച പെറ്റീഷന്റെ അടിസ്ഥാനത്തിൽ വകുപ്പുതലത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിന് ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ) ഭരണാനുമതി നൽകി.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) 3.5 മീറ്റർ വീതിയുള്ള കലുങ്കാണ് നിർമ്മിച്ചിരിക്കുന്നത്. ഇത് ഗതാഗത വികസനത്തിന് തടസ്സമാകില്ല. 23-4-2015-ലെ കത്ത് റിപ്പോർട്ടിനും അനന്തര നടപടികൾക്കുമായി അന്നേദിവസം തന്നെ സൂപ്രണ്ടിംഗ് എഞ്ചിനീയർ കട്ടനാട് ഡെവലപ്പ്മെന്റ് സർക്കിൾ ചെങ്ങന്നൂരിന് ഫാക്സ് മുഖാന്തിരം നൽകുകയും 5-5-2015-ലെ ചീഫ് എഞ്ചിനീയറുടെ ഡബ്ല്യൂ/ആർ/16327/15 മേലെഴുത്ത് പ്രകാരം തപാലിൽ അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

മുരിക്കുംപാടം, ഞാറയ്ക്കൽ ശുദ്ധജല സംഭരണ ടാങ്കുകളുടെ നിർമ്മാണം

211 (876) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജിഡ ഫണ്ട് ഉപയോഗിച്ച് നിർമ്മാണ അനുമതി നൽകിയിട്ടുള്ള മുരിക്കുംപാടം, ഞാറയ്ക്കൽ ശുദ്ധജല സംഭരണ ടാങ്കുകളുടെ നിർമ്മാണം 31-3-2015-ൽ പൂർത്തീകരിക്കാത്ത പക്ഷം ലിക്വിഡേറ്റ് ഡാമേജ് പ്രകാരമുള്ള പിഴ ഈടാക്കുമെന്ന് ചീഫ് എഞ്ചിനീയർ പ്രസ്തുത കരാറുകാരനെ അറിയിച്ചിട്ടുണ്ടോ ;

(ബി) നിലവിൽ നിർമ്മാണം പൂർത്തിയാക്കാത്ത സാഹചര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(സി) ലിക്വിഡേറ്റ് ഡാമേജസ് പ്രകാരമുള്ള പിഴ എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) കരാർ പ്രകാരം 2012-ൽ പൂർത്തീകരിക്കേണ്ട മേൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അധികച്ചെലവ് പ്രതീക്ഷിക്കുന്നുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത കരാറുകാരനെതിരെ നിയമ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദീകരിക്കാമോ ?

ഉത്തരം

(എ) ജിഡ ഫണ്ട് ഉപയോഗിച്ച് മുരിക്കുംപാടത്ത് നിർമ്മിച്ചുവരുന്ന ടാങ്കിന്റെ നിർമ്മാണ കാലാവധി 31-12-2015 വരെയും ഞാറയ്ക്കലിൽ നിർമ്മിക്കുന്ന ടാങ്കിന്റെ കാലാവധി 30-9-2015 വരെയും ലിക്വിഡേറ്റ് ഡാമേജ് ചുമത്തിക്കൊണ്ട് നീട്ടി നൽകുവാൻ കേരള വാട്ടർ അതോറിറ്റി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഉത്തരവുകൾ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly